പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3269 — 20.06.2014- ൽ മറുപടിക്ക്

## അനാഥാലയങ്ങളിലെ പരിശോധന

ചോദ്യം — ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ഉത്തരം — ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അനാഥാലയങ്ങളിൽ നിയമം നിഷ്കർഷിച്ച ഏതെല്ലാം സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കാണ് പരിശോധന നടത്തുന്നതിന് അധികാരമുള്ളതെന്ന് വിശദമാക്കാമോ; | (എ) | സാമൂഹ്യനീതി വകുപ്പ്, ഓർഫനേജ് കൺട്രോൾ ബോർഡ് എന്നിവിടങ്ങളിലെ അധികാരപ്പെട്ട ഉദ്യോഗസ്ഥരാണ് അനാഥാലയങ്ങളിൽ പരിശോധന നടത്തി വരുന്നത്. |
| (ബി) | എന്തെല്ലാം കാര്യങ്ങളാണ് പരിശോധനയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | സ്ഥാപനത്തിന്റെയും മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെയും മുൻകാല ചരിത്രം, സ്വഭാവം, സമൂഹത്തിൽ ഇവർക്കുള്ള അംഗീകാരം,താമസ സൗകര്യം, സാനിറ്റേഷൻ സൗകര്യം, ദൂരപരിധി, സ്ഥാപനം പ്രവർത്തിക്കുന്ന വസ്തുവിന്റെയും കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശം, സമാന സ്വഭാവത്തോടുകൂടി സമീപത്ത് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുടെ വിവരം എന്നിവ ഓർഫനേജ് കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിക്കുന്നുണ്ട്. ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർമാർ സ്ഥാപനത്തിലെ ആകെ കുട്ടികളുടെ എണ്ണം, ഗ്രാന്റ് ലഭിക്കുന്ന കുട്ടികളുടെ എണ്ണം, താമസ കാലാവധി, ബോർഡിംഗ് സൗകര്യം, സ്ഥാപനത്തിൽ നൽകുന്ന ആഹാരം, വസ്ത്രം, കിടക്ക, ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ്, ഫോറിൻ കോൺട്രിബ്യൂഷൻ സർട്ടിഫിക്കറ്റ്, സ്കൂൾ ഹാജർ സർട്ടിഫിക്കറ്റ്, സാനിറ്റേഷൻ സർട്ടിഫിക്കറ്റ്, ചാർട്ടേഡ് അക്കൗണ്ടന്റ് സർട്ടിഫിക്കറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്, മെഡിക്കൽ സർവ്വീസ്, വിദ്യാഭ്യാസത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്നിവ പരിശോധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഏതെല്ലാം അനാഥാലയങ്ങളിൽ എത്ര തവണ വീതം നിയമാനുസൃതമായ പരിശോധന നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ഇതുവരെ നടത്തിയ പരിശോധന സംബന്ധിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ